(ഇ) 1.12.2000-ത്തിലെ കണക്കുകൾ അക്കൗണ്ടന്റ് ജനറൽ പൂർത്തീകരിച്ചിട്ടില്ല. ബന്ധപ്പെട്ടവർ ആവശ്യപ്പെടുത്തുന്നതനുസരിച്ച് തിരിച്ചുകൊടുക്കേണ്ടതുണ്ട്.

(എഫ്) 1999-2000 സാമ്പത്തിക വർഷത്തിൽ ഡെറ്റ് സർവ്വീസിംഗ് ചാർജ് 1952.27 കോടി രൂപ ആയിരുന്നു. വായ്പക്കുടിശ്ശിക ഉണ്ടായിട്ടില്ല.

(ജി) അതാതു കൊല്ലങ്ങളിൽ തിരിച്ച് അടയ്ക്കേണ്ട തുക തിരിച്ചടച്ചിട്ടുണ്ട്.

(എച്ച്) വായ്പക്കുടിശ്ശിക ഇല്ല. കടയിനത്തിലുള്ള ബാദ്ധ്യത 6246.00 രൂപയാണ്.

സർക്കാരിന്റെ പൊതുകടം

19 (351) ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പദ്ധതി നിർവ്വഹണത്തിനായി എത്ര കോടി രൂപ പൊതു കടമെടുപ്പിലൂടെ സമാഹരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ സർക്കാരിന്റെ മൊത്തം പൊതുകടം എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പദ്ധതി നിർവ്വഹണത്തിനു മാത്രമായി സർക്കാർ പ്രത്യേകം വായ്പ എടുക്കാറില്ല. സർക്കാർ എടുക്കുന്ന വായ്പ മൊത്തത്തിൽ പദ്ധതി പദ്ധതിയേതര വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നു.

(ബി) 31.3.2000-ൽ 20176.06 കോടി രൂപയാണ് സർക്കാരിന്റെ പൊതുകടം.

സാമ്പത്തിക പ്രതിസന്ധി

20 (352) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ നിലവിൽ വന്നപ്പോഴുണ്ടായിരുന്ന നിലവിലുള്ള കടബാദ്ധ്യത എത്രയായിരുന്നു;

(സി) ഇതിൽ വിദേശ കടം, അന്യസംസ്ഥാനങ്ങളിൽ നിന്നും ഇൻഡ്യാ ഗവൺമെന്റിൽ നിന്നും അവയുടെ വിവിധ ഏജൻസികളിൽ നിന്നും ഉള്ള കടം സംസ്ഥാനത്തെ പൊതുമേഖലാ പ്രസ്ഥാനങ്ങൾ/ ബോർഡുകൾ ഇവയിൽ നിന്നുമുള്ള കടം, സഹകരണബാങ്കുകളിൽ നിന്നുമുള്ള കടം എന്നിങ്ങനെ എവിടെ നിന്നെല്ലാമാണ് വാങ്ങിയിട്ടുള്ളത്; പ്രത്യേകം പ്രത്യേകം വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തിന്റെ കടബാദ്ധ്യത കുറച്ച് കൊണ്ടുവരുവാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly